എഡ്യൂസാറ്റ് മുഖേനയുള്ള ഉപഗ്രഹ വിദ്യാഭ്യാസം

88(775) ശ്രീ. എൻ. ശക്തൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഡ്യൂസാറ്റ് മുഖേനയുള്ള ഉപഗ്രഹ വിദ്യാഭ്യാസം സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലേക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും ഈ സംവിധാനം നടപ്പിലാക്കാൻ കഴിഞ്ഞുവോ ;

(സി) ഈ സംവിധാനം നടപ്പാക്കുന്നതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത് ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എൻ.സി.ഇ.ആർ.ടി, യു.ജി.സി. കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം എന്നിവയിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാകുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ സാങ്കേതിക സംവിധാനം സംസ്ഥാനത്തെ പ്രൈവറ്റ് കോളേജുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ ലക്ഷ്യം കൈവരിക്കാനായി കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ നിലവിലുള്ള 39 ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 25 കോളേജുകളിൽ എഡ്യൂസാറ്റ് (SITs) സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 24 കോളേജുകളിൽ ഈ സൗകര്യം പ്രയോജനപെടുത്തുകയും ചെയ്തിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ വരുന്ന 15 ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽക്കൂടി SITs (Statellite Interactive Terminals) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിൻകീഴിൽ നിലവിലുള്ള SITs-ന്റെ പൂർണ്ണപ്രയോജനം ലഭിക്കുന്നതിലേക്കായി തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജ് ക്യാംപസിൽ എഡ്യൂസാറ്റ് സ്റ്റുഡിയോയുടെ നിർമ്മാണം പൂർത്തിയായിരിക്കുകയാണ്. തന്മൂലം ഇ-ലേണിംഗ് സെന്റർ വഴി സംസ്ഥാനത്തെ SITs സൗകര്യം ഉള്ള കോളേജുകൾക്ക് എഡ്യൂസാറ്റ് സൗകര്യം ഉപയോഗപ്രദമാക്കുവാൻ കഴിയുന്നതാണ്. എഡ്യൂസാറ്റ് സംവിധാനം നിലവിലുള്ള 24 കോളേജുകളിലും ഒരു ക്ലാസ്സ് റൂം വീതം നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എഡ്യൂസാറ്റ് സംവിധാനം നടപ്പാക്കുന്നതിലേക്ക് 15 കോളേജുകളിൽ കൂടി SITs (Statellite Interactive Terminals) സ്ഥാപിക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. ടി കോളേജുകളിൽ ഒരു ക്ലാസ്സ് റൂം SITs സംവിധാനം സ്ഥാപിക്കുന്നതിലേക്ക് മുന്നോടിയായി ഇലക്ട്രിക്കൽ വർക്കുകൾ, അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2011-12 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2006-ൽ കോളേജുകൾ SITs (Satellite Interactive Terminals) സ്ഥാപിക്കുന്നതിന് 44,10,450 രൂപ ചെലവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി സൗകര്യം അവശേഷിക്കുന്ന 16 കോളേജുകളിൽ സ്ഥാപിക്കുന്നതിന് ലംപ്സം പേയ്മെന്റ് ഉൾപ്പെടെ ഏകദേശം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുയും കൂടാതെ ഈ കോളേജുകളിൽ എഡ്യൂസാറ്റ് ക്ലാസ് റൂം നവീകരിക്കുന്നതിന് (ആധുനിക ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ജെഫെഴ്സൺ കസേരകൾ ഉൾപ്പെടുത്തി) 50 ലക്ഷം രൂപയും ചെലവാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഇതിനോടൊപ്പം 39 ആർട്സ് & സയൻസ് കോളേജുകളിലും ഈ സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ഒരു ക്ലാസ്സ് റൂം നവീകരിക്കുന്നതിന് (പി.ഡബ്ല്യു.ഡി) അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേക്ക് ഏകദേശം ഒരു കോടി രൂപ ചെലവാകുമെന്നും പ്രതീക്ഷിച്ചിരുന്നു.

(ഡി) എഡ്യൂസാറ്റ് പദ്ധതി നടപ്പാക്കുന്നതിന് എൻ.സി.ഇ.ആർ.ടി, യു.ജി.സി, കേന്ദ്രമാനവിഭവശേഷി മന്ത്രാലയം എന്നിവയിൽ നിന്നും സഹായങ്ങളൊന്നും ലഭ്യമായിട്ടില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

നിർദ്ധനരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സഹായത്തിനുള്ള സ്കോളർഷിപ്പ് നിധി

87(776) ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർധനരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സഹായത്തിനുള്ള സ്കോളർഷിപ്പ് നിധി ഏർപ്പെടുത്തിയശേഷം ഇതുവരെ ഈ നിധിയിൽ ആകെ എത്ര കോടി രൂപ നിക്ഷേപമായി സ്വരൂപിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിധി ആരംഭിച്ചശേഷം ഇതുവരെ ഓരോ വർഷവും ഈ നിധിയിൽ നിന്നും എത്ര വിദ്യാർത്ഥികൾക്ക് എന്തു തുക വീതം വിതരണം ചെയ്യാൻ കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly